Santhigiri

ഗുരുവാണി

"നിങ്ങളുടെ ധനവും വിദ്യയും പ്രഭുത്വവും എന്നല്ല എന്തെല്ലാം നഷ്ടപ്പെട്ടാലും നിങ്ങളുടെ ജീവനെ രക്ഷിക്കും എന്ന് വാശിപിടിക്കാൻ കഴിയണം."

# ഉമ്മിണിതങ്കം

VOL 03 | ISSUE 17 | 2017 ഏപ്രിൽ 23 | 1192 മേടം 10

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# നവഒലിജ്യോതിർദിനം ഏരിയ സമ്മേളനങ്ങൾ ഇന്ന് മുതൽ

**സ്പിരിചൽസോൺ :** പതിനെട്ടാമത് നവഒലിജ്യോതിർദിനം ആഘോഷങ്ങളോടനുബന്ധിച്ച് നടത്തുന്ന ഏരിയ സമ്മേളനങ്ങൾക്ക് ഇന്ന് തുടക്കമാകുന്നു. ഏരിയ സമ്മേളനങ്ങളിൽ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക, ആദ്ധ്യാത്മിക മേഖലകളിലെ പ്രമുഖർ പങ്കെടുക്കും. പൊതുജന പങ്കാളിത്വത്തോടെ നടക്കുന്ന സമ്മേളനങ്ങളിൽ വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. സമൂഹത്തിലെ വിവിധതുറകളിലെ വിശിഷ്ട വ്യക്തിത്വങ്ങളെ സമ്മേളനങ്ങളിൽ വച്ച് ആദരിക്കുന്നതാണ്.

കണ്ണൂരിൽ ഇന്ന് നടക്കുന്ന ഏരിയ സമ്മേളനത്തിൽ ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സർവ്വാദരണീയ സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി പങ്കെടുക്കും. കൊയിലാണ്ടി, കുമളി ഏരിയ സമ്മേളനങ്ങളും ഇന്ന് നടക്കും. നാളെ കൊല്ലം ഏരിയയിൽ ഗുരുസന്ദർശന വാർഷികത്തോടനുബന്ധിച്ച് ഏരിയ സമ്മേളനം സംഘടിപ്പിച്ചിട്ടുണ്ട്. ആശ്രമം ജനറൽ സെക്രട്ടറി സർവ്വാദരണീയ സ്വാമി ചൈതന്യ ജ്ഞാന തപസ്വി സമ്മേളനത്തിൽ പങ്കെടുക്കും. ഏപ്രിൽ 30 ന് നെയ്യാറ്റിൻകര, തിരുവനന്തപുരം സിറ്റി, നെടുമങ്ങാട്, ആറ്റിങ്ങൽ, പത്തനംതിട്ട, ആലപ്പുഴ, ചേർത്തല, ഹരിപ്പാട്, കോട്ടയം, തൂക്കുപാലം, തൃശൂർ, മലപ്പുറം, കോഴിക്കോട്, വടകര, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ ഏരിയ സമ്മേളനം നടക്കും. നവഒലി ജ്യോതിർദിനത്തോടനുബന്ധിച്ച് ഫെബ്രുവരി അവസാന വാരം മുതൽ സത്സംഗം, സൗഹൃദക്കൂട്ടായ്മ, ഗൃഹസന്ദർശനം, കുടുംബസംഗമം എന്നിങ്ങനെ വിവിധ പരിപാടികൾ സംഘടിപ്പിച്ചു വരുകയാണ്. ഗൃഹസ്ഥാശ്രമസംഘം നടത്തുന്ന നവഒലി ശാന്തിസംഗമം ഏപ്രിൽ 26 മുതൽ ആരംഭിക്കുന്നതാണ്.

# ഗുരുവിന്റെ ജീവചരിത്രവുമായി പാഥേയം

## സംപ്രേക്ഷണം ഏപ്രിൽ 24 നും 25 നും

**സ്പിരിചൽസോൺ :** ഗുരുവിന്റെ ജീവചരിത്രവുമായി 'പാഥേയം' എത്തുന്നു. ഏപ്രിൽ 24,25 തീയതികളിലാണ് ഗുരുവിന്റെ സംക്ഷിപ്ത ജീവചരിത്രം ഉൾപ്പെടുത്തിയ സ്നേഹത്തിന്റെ പാഥേയം സംപ്രേക്ഷണം ചെയ്യുന്നത്. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സർവ്വാദരണീയ സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി ഏഷ്യാനെറ്റ് ചാനലിൽ അവതരിപ്പിക്കുന്ന സ്നേഹത്തിന്റെ പാഥേയം പരിപാടിയുടെ 100, 101 എപ്പിസോഡുകളിലാണ് ഗുരുവിന്റെ ജീവചരിത്രം ഉൾപ്പെടുത്തിയിരിക്കുന്നത്.




# നവഒലി ശാന്തിസംഗമം ബുധനാഴ്ച ആരംഭിക്കും

**സ്പിരിചൽസോൺ :** നവഒലിജ്യോതിർദിനം -18 സർവ്വമംഗളസുദിനത്തോടനുബന്ധിച്ച് ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന നവഒലി ശാന്തിസംഗമങ്ങൾക്ക് ഏപ്രിൽ 26 ബുധനാഴ്ച തുടക്കമാകും. ഉദ്ഘാടന ദിവസം ആശ്രമം ജനറൽ സെക്രട്ടറി സർവ്വാദരണീയ സ്വാമി ചൈതന്യ ജ്ഞാന തപസ്വിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന ശാന്തിസംഗമത്തിൽ സ്വാമി സന്ദീപാനന്ദഗിരി മുഖ്യപ്രഭാഷണം നടത്തും. തുടർദിവസങ്ങളിൽ നടക്കുന്ന ശാന്തിസംഗമങ്ങളിൽ പന്ന്യൻ രവീന്ദ്രൻ, ഡോ. ജോർജ്ജ് ഓണക്കൂർ, ഇമാം പാച്ചല്ലൂർ അബ്ദുൾ സലിം മൗലവി, പ്രഭാ വർമ്മ, അഡ്വ. എ.എ റഹിം, രാഹുൽ ഈശ്വർ തുടങ്ങിയ പ്രമുഖർ മുഖ്യപ്രഭാഷണം നടത്തും. മെയ് 5 ന് നടക്കുന്ന സമാപന ദിവസത്തെ ശാന്തിസംഗമത്തിൽ ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സർവ്വാദരണീയ സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി മുഖ്യപ്രഭാഷണം നടത്തും. ഗുരുവിന്റെ ഉദ്യാനത്തിലാണ് നവഒലി ശാന്തിസംഗമം സംഘടിപ്പിച്ചിരിക്കുന്നത്.


സ്വാമി സന്ദീപാനന്ദഗിരി


പന്ന്യൻ രവീന്ദ്രൻ


ഡോ. ജോർജ്ജ് ഓണക്കൂർ


പ്രഭാ വർമ്മ

# ഗുരുവാണി

ഗുരുവിന്റെ സ്നേഹം മനുഷ്യസഹജമല്ല. അതുകൊണ്ട് ഗുരുവിന്റെ സ്നേഹം മനസ്സിലാക്കുക അത്ര എളുപ്പമല്ല. ഗുരു എങ്ങനെയിരിക്കുമെന്ന് ശിഷ്യൻ പഠിക്കണം. ഗുരു കള്ളനും കൂട്ടുനിൽക്കും- അവന്റെയും ഗുരുവാണല്ലോ. കള്ളനും അവന്റെ പ്രവൃത്തി ചെയ്യുന്നത് ദൈവമേ ഇതാരും കാണരുതേ എന്നു പ്രാർത്ഥിച്ചുകൊണ്ടാണല്ലോ.

ഓരോരുത്തരുടെ ഭക്തി ഓരോ തരത്തിലാണ്. ഈ ജോലിയെല്ലാം ഒഴിഞ്ഞ് പ്രാർത്ഥിക്കാനൊരു സമയം തരണേ എന്നു പ്രാർത്ഥിക്കുന്നവരുണ്ട്. ഭർത്താവിന്റെ കണ്ണു പൊട്ടിപ്പോകണേ എന്നു പ്രാർത്ഥിക്കുന്നവരുണ്ട്. ഇരുപതു വയസ്സു കഴിഞ്ഞാൽ പെൺപിള്ളേർക്കൊരു ഭക്തി വരും, അവരുടെ കാര്യസാദ്ധ്യത്തിനുവേണ്ടി. കരഞ്ഞുകൊണ്ട് പ്രാർത്ഥിക്കുന്നവരും കുറവല്ല. അതവരുടെ ആഗ്രഹത്തിന്റെ സാക്ഷാത്കാരത്തിനു വേണ്ടിയാണ്. കാര്യം സാധിച്ചുകിട്ടാൻ എന്തു സേവനം വേണമെങ്കിലും ചെയ്യും. ആഗ്രഹത്തോളം സാധിച്ചാൽ പുറംകാലുകൊണ്ടു തട്ടുകയും ചെയ്യും. ചിലരാകട്ടെ, ഒന്നും ആഗ്രഹിക്കാതെ ഭക്തി പുലർത്തുന്നവരാണ്. ധർമ്മം യഥാർത്ഥത്തിൽ എന്തെന്നറിഞ്ഞാലേ ഇതൊക്കെ മനസ്സിലാവുകയുള്ളൂ.

ഗുരു കള്ളനെപ്പോലെയാണ്. എല്ലാ കള്ളനും കൂട്ടുനിൽക്കും. അവന്റെ കർമ്മത്തെ അടിച്ചു പൂക്കുല പോലെ ഉലയ്ക്കണമല്ലോ. അങ്ങനെയുള്ള ഗുരുവിനെ നമ്മൾ എങ്ങനെ മാനിക്കണം? അറിഞ്ഞു മാനിക്കാൻ കഴിഞ്ഞില്ലെങ്കിൽ അന്ധമായി വിശ്വസിക്കണം. പക്ഷേ ആ അന്ധത അറിവില്ലാത്ത തരത്തിലുള്ളതാകരുത്. എല്ലാം അറിഞ്ഞ ഗുരുവാണെങ്കിൽത്തന്നെ തന്നെയും സമർപ്പിക്കണം.

ഗുരുവിനെക്കുറിച്ചൊരു കുറ്റം ആരെങ്കിലും പറയുന്നതു കേട്ടാൽ സഹിക്കാത്തവനായിരിക്കും ശിഷ്യൻ. എന്റെ അച്ഛൻ നന്നായിരിക്കേണ്ടത് എന്റെ ആവശ്യമാണ് എന്ന വികാരമായിരിക്കണം ശിഷ്യന്റേത്. ഇതാണ് തികഞ്ഞ വിശ്വാസം, സ്നേഹം. ഗുരുവെ സ്വീകരിക്കാൻ ആർക്കുമാകും. എന്നാൽ വിവേകാനന്ദനെ പോലെയാകാൻ എത്ര പേർക്കു കഴിയും? ഗുരുവിന് സുഖമില്ലാതെ വന്നപ്പോൾ ശിഷ്യന്മാരെല്ലാം അന്വേഷിച്ചു. എങ്കിലും പാത്രത്തിൽ വച്ചിരുന്ന പഴുപ്പു കുടിച്ചതു വിവേകാനന്ദൻ മാത്രമായിരുന്നു. അതുപോലെ യേശുവിനുമുണ്ടായിരുന്നു പന്ത്രണ്ട് ശിഷ്യന്മാർ. പക്ഷേ സ്നേഹത്തിന് ഓരോ ഭാഗത്തും ഓരോ കുറവുണ്ടായിരുന്നു. ഒരച്ഛന്റെ മക്കളായാൽപ്പോലും വിവിധ രീതിയിലാണല്ലോ സ്നേഹം. അതങ്ങനെയേ ഈ ലോകത്ത് വരാൻ കഴിയൂ.

ചില ആളുകൾക്ക് ആശ്രമത്തെ പൂർണമായി വിശ്വസിക്കാൻ കഴിയാതെ വരും. അതിനു കാരണം അവരുടെ വാസനയാണ്. ഇതിനു കുറച്ചെങ്കിലും മാറ്റം വരണമെങ്കിൽ മൂന്നു ഘട്ടങ്ങൾ വേണം. ഓരോ ഘട്ടത്തിലും മൂന്നു പ്രാവശ്യം അങ്ങനെ ഒൻപതു പ്രാവശ്യം കൊണ്ട് മാറ്റം വന്ന് ഉറപ്പുവരും. ഭൂതം, ഭാവി, വർത്തമാനം ഈ മൂന്നു കാലങ്ങളിലെയും കർമ്മങ്ങൾ ഒന്നുചേർത്ത് ശിഷ്യനെ മുക്തിക്ക് അർഹനാക്കുന്ന വിശ്വാസദാർഢ്യത്തിലേക്ക് എത്തിക്കുന്നത് ഇങ്ങനെയാണ്. ഇതിനുള്ള അവസ്ഥ പ്രാപിക്കണമെങ്കിൽ ഗുരുവിന്റെ തേജസ്സ് ഗോളാന്തരങ്ങളിലെങ്കിലും വ്യാപകമാകണം.

## വചനദീപ്തി

**"പുരുഷാകൃതി പൂണ്ട ദൈവമോ**
**നരദിവ്യാകൃതി പൂണ്ട ധർമ്മമോ**
**പരമേശപവിത്ര പുത്രനോ**
**കരുണാവാൻ നബി മുത്തുരത്നമോ"**

ശ്രീനാരായണഗുരു

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 ഏപ്രിൽ 23 മുതൽ 29 വരെ*

| | |
|---|---|
| **ഞായർ** | **- പോത്തൻകോട്** |
| **തിങ്കൾ** | **- പാലോട്ടുകോണം** |
| **ചൊവ്വ** | **- ജ്യോതിപുരം, ശാന്തിപുരം** |
| **ബുധൻ** | **- കരുണപുരം, ശാന്തിഗിരി ജംഗ്ഷൻ** |
| **വ്യാഴം** | **- ലക്ഷ്മിപുരം, ആനന്ദപുരം** |
| **വെള്ളി** | **-ജനസേവികപുരം, രത്നഗിരി** |
| **ശനി** | **- സ്നേഹപുരം, കാഞ്ഞാംപാറ** |

## യാമപ്രാർത്ഥന

*2017 ഏപ്രിൽ 27 വ്യാഴം*

**എല്ലാ ഏരിയയും സംയുക്തമായി**

പ്രകാശപദം

# ത്യാഗം കൊണ്ട് നേടിയെടുക്കേണ്ട ദൈവകനിവ്

ഇങ്ങനെ ഒരു ഭാഗം നമ്മൾ മനസിൽ ഓർമിക്കണം. ഞങ്ങൾ എന്തിനായിട്ടാണ് ആശ്രമത്തിന്റെ പരിസരത്തിങ്ങനെ കഴിയാൻ ഭാഗ്യമുണ്ടായത്. ഗുരുവിന്റെ ഒരാശയ സഫലീകരണത്തിനു വേണ്ടിയിട്ട്, അല്ലെങ്കിൽ ഒരാശയനിവൃത്തിക്കു വേണ്ടിയിട്ട് എന്റെ ജീവിതം അഥവാ എന്റെ കുടുംബം ഒന്നുമറിയാതെ ഇതിലേക്ക് ഇറങ്ങിത്തിരിച്ചു. ഞാൻ എന്റെ കർമം കൊണ്ടോ അല്ലെങ്കിൽ എന്റെ ചിന്താഗതി കൊണ്ടോ മറ്റു ദോഷവശങ്ങൾ ചെയ്യുത്തില്ല. ചില മദ്യപാനികളുണ്ട് അല്ലെങ്കിൽ ചില വികൃതിക്കാരെ നമ്മൾ സൂക്ഷിച്ചാൽ അറിയാം, പത്തു ദിവസം അവൻ ഭക്തനായിട്ട് നടക്കും. എന്നാൽ പത്താമത്തെ ദിവസമാകുമ്പോൾ അവന്റെ വാസനയായിരിക്കുന്ന ആ കർമത്തിലേക്ക് അവൻ തെറ്റിപ്പോകും. ഇതിനെക്കാളുമപ്പുറം കുടിക്കും. ഇങ്ങനെയുള്ള ചില വശങ്ങളും നിങ്ങളുടെ ഇടയിലുണ്ട്. അതേപോലെ ചീത്തയ്ക്ക് ചീത്തയായിട്ട് കൂടുന്ന വശങ്ങൾ. ഭക്തിയുടെ മൂടുപടമൊന്നും അണിഞ്ഞിട്ട് നമ്മൾ നടക്കേണ്ട കാര്യമില്ല. ഭക്തി അവന്റെ ഉള്ളിൽ നിന്നും ഉതിരുന്ന ഒരു സ്നേഹമാണ്. അപ്പോൾ ഈശ്വരനോടുള്ള ആ സ്നേഹം ഏതിലൊക്കെ വ്യാപരിക്കുന്നു. ഈശ്വരൻ തന്റെ ഗുരുവിന്റെ പ്രതിരൂപമായിട്ട് ഈ തൂണിലും തുരുമ്പിലും ഉണ്ടെന്നു നമ്മൾ ധരിക്കണം. കാരണം ഒരു തീപ്പെട്ടിത്തിരിയുടെ അറ്റം എടുത്തുനോക്കിയാലും അല്ലെങ്കിൽ ഏത് അണു മുറിച്ചാലും തന്റെ ഗുരുവിന്റെ പ്രതിബിംബം അതിൽ കാണും എന്നു നമ്മൾ ധരിക്കണം. അല്ലെങ്കിൽ അതൊരു അനുഭവസത്യമാണെന്നു വിചാരിച്ചിട്ടുവേണം വേല ചെയ്യാൻ. നമ്മൾ ഏറ്റവും സ്നേഹിച്ചു വളർത്തുന്ന ഒരു നായയെപ്പറ്റി ചിന്തിക്കുക. അല്ലെങ്കിൽ ഇന്നു മനുഷ്യർ കള്ളം കണ്ടുപിടിക്കാനായിട്ട് നമുക്കെല്ലാവർക്കുമറിയാം, അങ്ങനെയുള്ള ഈ നായ്ക്കളെ കൊണ്ടുവന്നു മണപ്പിക്കുകയുമൊക്കെ ചെയ്യും. ഒരു മനുഷ്യൻ നില്ക്കുന്നിടത്ത് അവന്റെ അണുക്കൾ വ്യാപരിക്കുമെന്നും നമുക്കറിയാം. അവന്റെ ഗന്ധം, അവനിൽ നിന്നുതിരുന്ന അണുക്കളുടെ വ്യത്യാസങ്ങൾ ഇതൊക്കെ മനുഷ്യൻ അറിയുന്നതിനേക്കാൾ കൂടുതൽ പക്ഷികളും മൃഗങ്ങളും അറിയുന്നു. അതിനേക്കാൾ എത്രയോ അപാരമാണു ഗുരുവിന്റെ ശക്തിയെന്ന് നാം മനസിലാക്കണം.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# ആന്തരപ്രാർത്ഥനയാകുന്ന ദിവ്യജ്യോതിസ്സ്

ഭാരതം ഋഷീശ്വരന്മാരുടെ നാടാണ്. മഹാത്മാക്കൾ ഏറ്റവും കൂടുതൽ ആദരിക്കപ്പെട്ടതും അധിക്ഷേപിക്കപ്പെട്ടതും ഈ നാട്ടിലാണ്. ശ്രീശങ്കരന് ജനിച്ച നാട്ടിൽ നിന്നും പുറത്തുപോകേണ്ടി വന്നു. ദയാനന്ദ സരസ്വതിക്ക് വിഷം കൊടുത്തുകൊന്നു. സ്വാമി വിവേകാനന്ദന്റെ ബ്രഹ്മചര്യം നശിപ്പിക്കുന്നതിനു വേണ്ടി വേശ്യകളെ വരെ നിയോഗിച്ചു. ശ്രീബുദ്ധന് പന്നിമാംസം നല്കി സൽക്കരിച്ചു. ശ്രീകൃഷ്ണ പരമാത്മാവിന് വേടന്റെ അമ്പുകൊണ്ട് അന്ത്യം ഭവിച്ചു. ശ്രീരാമൻ സരയൂ നദിയിൽ ആത്മഹത്യ ചെയ്തു. ശ്രീശങ്കരൻ ത്രിപുരസുന്ദരിയിൽ ലയിച്ചു എന്നു പറയുന്നെങ്കിലും ആ ധന്യാത്മാവിന് ജീവിതം അവസാനിപ്പിക്കേണ്ടി വന്നു എന്നു പറയുന്നതാണ് സത്യം. ജീവിതകാലത്ത് അറിഞ്ഞ് അവരെ മാനിക്കാൻ കഴിയാതെ പോയതാണ് നാടിന്റെ ഇന്നത്തെ ദു:സ്ഥിതിക്ക് കാരണം. ഈ ദു:സ്ഥിതിയിൽ നിന്ന് രക്ഷ നേടാൻ ഈ നാടിന് ഒരു മാർഗമേയുള്ളൂ. കാലത്തിനൊത്ത ഒരു നവോത്ഥാനം. ആ നവോത്ഥാനത്തിന് മാർഗദർശനമരുളി നയിക്കാൻ ആ 'അവസ്ഥ' പ്രാപിച്ച ഒരു ഗുരുവും. ഗുരുവിന്റെ മാഹാത്മ്യത്തെക്കുറിച്ച് നമ്മുടെ സമൂഹം മനസിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നമ്മുടെ സംസ്കാരത്തിന്റെ ആദ്യത്തെ സ്പന്ദനമാണ് ഗുരുഭാവന.

ഗുരുമഹത്വത്തിന്റെയും ഗുരുസ്വരൂപമായ ബ്രഹ്മത്തിന്റെയും അപാരതയെപ്പറ്റിയുള്ള അതിഗഹനമായ അറിവാണ് ഇന്നാവശ്യം. അന്തര്യാമികളുടെ പ്രവർത്തനങ്ങൾക്കധീനമായി സത്വരജസ്തമോഗുണങ്ങൾ പ്രപഞ്ചവ്യവഹാരത്തെ നിയന്ത്രിക്കുന്നതെങ്ങനെയാണെന്ന വിഷയത്തിൽനാം തികച്ചും പാണ്ഡിത്യമുള്ളവരായിത്തീരണം. മനുഷ്യമനസിൽ അടിഞ്ഞുകിടക്കുന്ന എല്ലാവിധ വൈകൃതങ്ങളും ദൗർബല്യങ്ങളും മിഥ്യാബോധ ങ്ങളും അലിഞ്ഞലിഞ്ഞ് ജീവനെ ശുദ്ധമാക്കാനുള്ള മാർഗനിർദ്ദേശം നല്കാൻ കഴിവുള്ള ത്രികാലജ്ഞനായ ഒരു ഗുരുവിനെയാണ് ഇന്നാവശ്യം.

ഓരോ വ്യക്തിക്കും അവനവന്റെ വഴിക്ക് ഈശ്വരനെ സമീപിക്കാൻ സ്വാതന്ത്ര്യമുണ്ട്. വഴികൾ പലതാണെങ്കിലും എല്ലാവരും ചെന്നെത്തുന്ന ലക്ഷ്യം ഒന്നുതന്നെ. ഉള്ളുരുകി പ്രാർത്ഥിച്ചാൽ ഈശ്വരൻ വിളി കേൾക്കും. ഹൃദയം ഈശ്വരന്റെ ആസ്ഥാനമാണ്. 'ഹൃദി അയം ഇദി ഹൃദയം'- ഹൃത്തിൽ അവൻ വാഴുന്നതുകൊണ്ടാണ് ഹൃദയം എന്ന് നെഞ്ചകത്തിനു പേരു വന്നത്. താപാർത്തനായ മനുഷ്യന് ഈശ്വരനല്ലാതെ ആരും തുണയില്ല. കലികാലജീവന്മാർക്ക് നാമസങ്കീർത്തനം മാത്രമാണ് ഈശ്വരപ്രാപ്തിക്കുള്ള ഏകോപായം എന്നത്രെ ശ്രീരാമകൃഷ്ണദേവൻ പറഞ്ഞിരിക്കുന്നത് (നാരദനാണ് ഇത് ഉപദേശിച്ചത്). യോഗദർശനത്തിന്റെ ഉപജ്ഞാതാവായ പതഞ്ജലി മഹർഷിയും ഉപദേശിച്ചിരിക്കുന്നത് ഇതു തന്നെയാണ്, "ജപാത് സിദ്ധിം".

നാമകീർത്തനം ഉറക്കെയോ നിശബ്ദമായോ ആകാം. സ്തോത്രങ്ങൾ ഉറക്കെ ചൊല്ലുന്നതാണ് നല്ലത്. ഗുരുപദിഷ്ടമായ മന്ത്രം നാവുകൊണ്ട് ആരും കേൾക്കാത്തവിധത്തിൽ ജപിക്കുന്നതായിരിക്കും നല്ലത്. "നിർത്താതെ പ്രാർത്ഥിക്കുവിൻ"–ഈ ഉപദേശത്തിന്റെ അർത്ഥം നാം നമ്മുടെ വ്യാപാരങ്ങളിൽ ഏർപ്പെട്ടിരിക്കുമ്പോഴും ഉണർന്നിരിക്കുമ്പോഴും ഉറങ്ങുമ്പോഴും എല്ലാം പ്രാർത്ഥിക്കണമെന്നാണ്. ഉറങ്ങുമ്പോൾ നമ്മുടെ അകക്കാമ്പ് ഉണർന്നിരിക്കും. നിരന്തരമുള്ള ആന്തരപ്രാർത്ഥനയാകുന്ന ദിവ്യജ്യോതിസ്സ് ദീനതയിലും ഹൃദയസരളതയുടെ ഗാഢാനുഭൂതിയിലുമാണ് കാണപ്പെടുന്നത്. പ്രാർത്ഥനകൊണ്ടേ രാഗങ്ങളും കാമങ്ങളും നിറഞ്ഞ ശരീരത്തെ നിയന്ത്രിക്കാനാകൂ. ഒരാചാര്യന്റെ മാർഗനിർദ്ദേശമില്ലാതെ ആന്തരസാധന ശരിയായും വിജയകരമായും പുരോഗമിക്കുക സാദ്ധ്യമല്ല. ഹൃദയപൂർവമായ പ്രാർത്ഥന തടയാൻ തമോലോകം നടത്തുന്ന ആക്രമണത്തിൽ നിന്നും രക്ഷിക്കാൻ ഒരാചാര്യനു മാത്രമെ കഴിയുകയുള്ളൂ. "പ്രഭോ എന്നിൽ കനിഞ്ഞാലും' എന്ന് സദാ മനസ്സിൽ ഉച്ചരിക്കുക. പ്രാർത്ഥനാവേളയിൽ മടിയും മുഷിവും തോന്നുന്നതും ഉറക്കം വരുന്നതുമൊക്കെ തമോലോകം നമ്മുടെ മേൽ നടത്തുന്ന ആക്രമണഫലമാണ്. അതിന് പ്രാർത്ഥനയെക്കാൾ അസഹ്യമായിട്ടൊന്നുമില്ല.

# 'ഫെയർവെൽ ഡേ' സംഘടിപ്പിച്ചു



ഫെയർവെൽ ഡേ ആഘോഷത്തിൽ നിന്ന്

**ഹെൽത്ത്കെയർ സോൺ :** ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസസ് ഒരു വർഷ ഗവൺമെന്റ് ആയുർവേദ തെറാപ്പിസ്റ്റ് ബാച്ചിന്റെ 'ഫെയർവെൽ ഡേ' ഏപ്രിൽ 18ന് സംഘടിപ്പിച്ചു. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന പരിപാടി ആദരണീയ സ്വാമി വന്ദനരൂപൻ ജ്ഞാന തപസി ഉദ്ഘാടനം ചെയ്തു. എസ്. എസ്. എം. സി പ്രിൻസിപ്പാൾ ഡോ.ആർ ദേവരാജൻ, എസ്. എച്ച്. ആർ.ഒ ഡി.ജി.എം വേലായുധൻ, സിപ്സ് വൈസ് പ്രിൻസിപ്പാൾ ഡോ. ബി.ഗീത, എസ്. എസ്. എം. സി അസി. കൺവീനർ മഹേഷ് എം, ഷിബു. ബി എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

# എല്ലാ സർക്കാർ ആശുപത്രികളിലും വിഷാദരോഗ ക്ലിനിക്കുകൾ

**തിരുവനന്തപുരം:** സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും വിഷാദരോഗ ക്ലിനിക്കുകൾ ഉടൻ തന്നെ ആരംഭിക്കുമെന്ന് മന്ത്രി കെ.കെ. ശൈലജ അറിയിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വിഷാദ രോഗത്തിനായി പുതിയതായി ആരംഭിച്ച പ്രശാന്തി ക്ലിനിക്കിന്റെ ഉദ്ഘാടന ചടങ്ങിലാണ് മന്ത്രിയുടെ പ്രഖ്യാപനം. 170 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും വിഷാദ ചികിത്സയ്ക്ക് സൗകര്യമൊരുക്കുമെന്നും മന്ത്രി അറിയിച്ചു.

# പോത്തൻകോട് ഫിലിം ക്ലബ്

**പോത്തൻകോട്:** പോത്തൻകോട് ഫിലിം ക്ലബ് നിലവിൽ വന്നു. ചലച്ചിത്ര അക്കാദമി വൈസ് ചെയർമാൻ ബീനാപോൾ ക്ലബിന്റെ ഉദ്ഘാടനം നിർവഹിച്ചു. ക്ലബ് പ്രസിഡന്റ് കെ.ജി. ശശിധരൻ നായർ അദ്ധ്യക്ഷത വഹിച്ചു.

നടൻ ഇന്ദ്രൻസ്, ചലച്ചിത്ര ഫിലിം സൊസൈറ്റി സ്ഥാപകാംഗം ജോർജ് മാത്യു, സംവിധായകൻ പി. എസ്. മനു, പോത്തൻകോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.വേണുഗോപാലൻ നായർ, ബിആർ സതീശ് ചന്ദ്രൻ, എസ്. ബാബു തുടങ്ങിയവർ സംബന്ധിച്ചു.

# എച്ച്.ആർ. വാർത്തകൾ

രഞ്ജിത്ത്. പി.കെ യെ മാർക്കറ്റിംഗ് ഡിപ്പാർട്ട്മെന്റ് അഡ്മിനിസ്ട്രേഷൻ ഡിവിഷനിലേക്കും, സുമ. പി.ജി യെ ഹെൽത്ത്കെയർസോൺ ശാന്തിഗിരി സ്റ്റോറിലേക്കും, നന്ദകുമാർ. എൻ.എ, ശ്രീജേഷ്. ഒ എന്നിവരെ സ്പിരിച്വൽസോൺ ഗസ്റ്റ് റിലേഷൻസിലേക്കും, ശോഭ. വൈയെപബ്ലിക്കേഷൻ കൗണ്ടറിലേക്കും, വൽസമ്മ. ഡി, സബി. പി.എം, ജയകുമാരി. പി, ഉഷ. പി എന്നിവരെ കമ്മ്യൂണിറ്റി കിച്ചണിലേക്കും, ഷൈലജ. എം. എസ് നെ ശാന്തിഗിരി ഇൻസെൻസിലേക്കും, വിലാസിനി. ബി, ലത. എ, ശാലിനി. വി, ഷൈലജ. കെ എന്നിവരെ ശാന്തിഗിരി ഷോപ്പിംഗ് മാളിലേക്കും, സനൽപ്രഭ. ബി. എസ്, അജിത. എൽ, സവിത. എസ്, ബിന്ദു.ഒ എന്നിവരെ എസ്.എ.വിയിലേക്കും, മോഹനൻ പി.ബി യെ ക്ലോക്ക് റൂമിലേക്കും, സരസ്വതി. കെ. യെ വെഹിക്കിൾ ആന്റ് ട്രാൻസ്പോർട്ടേഷനിലേക്കും, ആർ. പത്മിനി അമ്മയെ സ്പിരിച്വൽസോൺ കോൺഫറൻസ് ഹാളിലേക്കും, വിനേഷ്. പി. എ യെ ശാന്തിഗിരി വുഡിലേക്കും, അനിൽകുമാർ. വി യെ വിശ്വസംസ്കൃതികലാരംഗത്തിലേക്കും, ഉദയകുമാർ. വി യെ എനർജി ആന്റ് എൻവയോൺമെന്റിലേക്കും, പ്രിയലത. എസ് വിദ്യാഭവൻ ഹോസ്റ്റലിലേക്കും, കൃഷ്ണകുമാർ. സി.എൻ നെ ശാന്തിഗിരി വെജിറ്റബിൾ സ്റ്റാൾ ആന്റ് ഫുഡ്സ് സർവ്വീസിലേക്കും, വിനുകുട്ടൻ. സി.ആർ നെ ശാന്തിഗിരി ടേക്ക് എ ബ്രേക്കിലേക്കും, വിഷ്ണുരാജ്. ആറിനെ ജി.എ.ഡി വെഹിക്കിൾ സർവ്വീസിലേക്കും മാറ്റി നിയമിച്ചു.

# പി.എൻ. രജിലാലിന് പുരസ്കാരം



പി.എൻ. രജിലാൽ

**തിരുവനന്തപുരം:** നവരസം സംഗീതസഭയുടെ ഗോവിന്ദ് രചനാ പുരസ്കാരം പി.എൻ. രജിലാൽ രചിച്ച ഗീതാമാനസം എന്ന പുസ്തകത്തിന് ലഭിച്ചു. ഗുരുനിത്യം, ഒ.വി. വിജയനും ആറുമുഖങ്ങളും ഉൾപ്പെടെ നിരവധി പുസ്തകങ്ങളുടെ രചയിതാവായ ഇദ്ദേഹത്തിന് 2017 ലെ ഗീതാഞ്ജലി സാംസ്കാരികവേദിയുടെ സാഹിത്യപുരസ്കാരം ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

# ഗുരുകാന്തി അവധിക്കാല ക്യാമ്പ് ശ്രദ്ധേയം



ഗുരുകാന്തിയിൽ നടന്ന ഓർണമെന്റ് മേക്കിംഗ് ക്ലാസ്

**എഡ്യുക്കേഷൻ സോൺ :** വ്യത്യസ്തങ്ങളായ പരിപാടികളാൽ ശാന്തിഗിരി ഗുരുകാന്തി അവധിക്കാല ക്യാമ്പ് ശ്രദ്ധേയമാകുന്നു. ഗ്ലാസ്സ് പെയിന്റിംഗ്, പെൻസിൽ ക്രാഫ്റ്റ്, ആഭരണ നിർമ്മാണം, ഓറിഗാമിംഗ്, പ്ലാസ്റ്റിക് ക്രാഫ്റ്റ് തുടങ്ങി വിവിധതരം പരിശീലന ക്ലാസ്സുകൾ നടന്നു വരുന്നു. ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പരിസര ശുചീകരണം, ആർ. പരമേശ്വരൻ നയിക്കുന്ന ശ്രീഗുരുഗീത ക്ലാസ്സ്. ഗ്രേറ്റ് ഗ്രാന്റ് മാസ്റ്റർ ദിലീപ്. ജി നയിക്കുന്ന കുങ്ഫു പരിശീലനം, പ്രത്യുഷ. പിയുടെ സംഗീത ക്ലാസ്സുകൾ, ചിത്രരചന, പ്രസംഗ പരിശീലന ക്ലാസ്സുകൾ, ശാന്തിഗിരി ഗുരുമഹിമ പ്രവർത്തകരുടെ നേതൃത്വത്തിൽ വിനോദവും വിജ്ഞാനവും പകരുന്ന ക്ലാസ്സുകൾ എന്നിങ്ങനെ വ്യത്യസ്ഥ പരിപാടികളാൽ സമൃദ്ധമാണ് ഗുരുകാന്തിയുടെ പഠന ക്യാമ്പ്.



ശാന്തിഗിരി ജംഗ്ഷനിൽ ആർ.എസ് സന്തോഷ്കുമാർ- സ്മൃതി. എസ് ദമ്പതിമാർ നിർമ്മിക്കുന്ന ഭവനത്തിന്റെ തറക്കല്ലിടൽ ചടങ്ങ്


ഗുരുചരണം ശരണം

**മോഹനം ഒപ്റ്റിക്കൽസ്**

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320



ഗുരുചരണം ശരണം

**ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസസ്**

സീറ്റൊഴിവ്

2017 മെയ് ആദ്യവാരം ആരംഭിക്കുന്ന 6 മാസ/ ഒരുവർഷ ആയുർവേദ തെറാപ്പിസ്റ്റ് കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

ബന്ധപ്പെടേണ്ട നമ്പർ : 8113034007, 8111882301

# മാലിന്യനിർമ്മാർജ്ജന പദ്ധതികളുമായി ശാന്തിഗിരി ആശ്രമം

**ഹെൽത്ത്കെയർ സോൺ** :ശാന്തിഗിരി ആശ്രമം സീറോ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി നടപ്പിലാക്കാൻ ഒരുങ്ങുന്നു. ആശ്രമത്തിന്റെ ഓഫീസുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന ജൈവ അജൈവ മാലിന്യങ്ങൾ യഥാവിധി സംസ്ക്കരിക്കുന്നതിനു മാതൃകാപരമായ ഒരു പ്രവർത്തന പരിപാടിയാണ് ആശ്രമം വിഭാവന ചെയ്തിരിക്കുന്നത്. ജൈവ അജൈവ മാലിന്യങ്ങൾ പരമാവധി കുറയ്ക്കുന്നതിന് മാലിന്യങ്ങളെ ഉറവിടത്തിൽ ത്തന്നെ സംസ്ക്കരിക്കുന്നതിന് പുനരുപയോഗിക്കുന്നതിന് അനുയോജ്യമായവയെ വേർതിരിച്ച് കഴുകി വൃത്തിയാക്കി സൂക്ഷിച്ച് ഇതുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ എത്തിക്കുന്നതിനുമുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ആശ്രമത്തിലെ ഡിപ്പാർട്ട്മെന്റ്, ഡിവിഷൻ, യൂണിറ്റുകളിലും, ഏരിയ ഓഫീസുകളിലും, ആശ്രമം ബ്രാഞ്ചുകളിലും ഇതിനായി ഓരോ ആളുകളെ തിരഞ്ഞെടുത്ത് 'ഫസ്റ്റ് പേഴ്സൺ റെസ്പോൺസിബിൾ' ചുമതല നൽകുന്നതാണ്. സംസ്ക്കരിക്കാൻ പറ്റുന്ന ജൈവമാലിന്യങ്ങൾ കമ്പോസ്റ്റാക്കി ജൈവ വളമാക്കുകയും പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, ഗ്ലാസ്സുകൾ, പ്ലേറ്റുകൾ തുടങ്ങിയവ ഒഴിവാക്കുകയും ചെയ്യുന്നത് ഉൾപ്പെടെയുള്ള വിവിധ പരിപാടികൾ പ്രകൃതിനീതി ഗ്രീൻ പ്രോട്ടോകോൾ എന്ന് പേരിട്ടിരിക്കുന്ന ഈ പദ്ധതി പ്രകാരം നടപ്പിലാക്കും. നവഒലിജ്യോതിർദിനം ആഘോഷത്തോടനുബന്ധിച്ചാണ് ഈ പ്രവർത്തനങ്ങൾക്ക് തുടക്കമാവുക.

ഇതോടനുബന്ധിച്ച് സ്പിരിചൽസോൺ കോൺഫറൻസ് ഹാളിൽ ഏപ്രിൽ 20 ന് സംഘടിപ്പിച്ച യോഗത്തിൽ ആശ്രമം ജോയിന്റ് സെക്രട്ടറി സർവ്വാദരണീയ സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിച്ചു. എൻ.ജി.ഒ. പ്രതിനിധി ഡോ.മനോജ് സി.എൻ അവയർനസ് ക്ലാസ് നടത്തി. ഡോ.കെ.ആർ.എസ്. നായർ, മാണിക്കൽ പഞ്ചായത്ത് സെക്രട്ടറി എം.പി. പ്രമോദ് എന്നിവർ പദ്ധതിയുമായി ബന്ധപ്പെട്ട അറിവുകൾ പങ്കുവെച്ചു. ആദ്യഘട്ടമെന്ന നിലയിൽ ആശ്രമം ഡിപ്പാർട്ട്മെന്റു് പരിസരപ്രദേശങ്ങൾ, സ്പിരിച്വൽ സോൺ എന്നിവ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനുള്ള നടപടിയാണ് ഉദ്ദേശിക്കുന്നതെന്ന് സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി മീറ്റിംഗിൽ അറിയിച്ചു.വിവിധ ഡിപ്പാർട്ട്മെന്റ് പ്രതിനിധികൾ പങ്കെടുത്തു. ആശ്രമം എനർജി & എൻവയോൺമെന്റ് ഡിപ്പാർട്ട്മെന്റാണ് പരിപാടി സംഘടിപ്പിച്ചത്.



പ്രകൃതിനീതി ഗ്രീൻപ്രോട്ടോക്കോൾ യോഗം

## ഇന്ന് പ്രതിഷ്ഠാ പൂർത്തീകരണ വാർഷികം

**സ്പിരിചൽസോൺ :** പ്രാർത്ഥനാലയം പ്രതിഷ്ഠാപൂർത്തീകരണ വാർഷികം ഇന്ന് പ്രാർത്ഥനാസങ്കല്പങ്ങളോടെ ആഘോഷിക്കും. 1989 ഫെബ്രുവരി 10 ലെ ബ്രാഹ്മമുഹൂർത്തത്തിലാണ് ഗുരു പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ചത്. തുടർന്ന് മേടം 10 വരെ പ്രത്യേക പ്രാർത്ഥനാസങ്കല്പങ്ങൾ നടന്നു. അതേ തുടർന്ന് എല്ലാ വർഷവും മേടം 10 പ്രതിഷ്ഠാ പൂർത്തീകരണ വാർഷികമായി ആഘോഷിച്ചുവരുന്നു.





വൈക്കം പ്രാർത്ഥനാകേന്ദ്രം വാർഷിക സമ്മേളനം

## മനഃശുദ്ധിയുള്ള ഭരണാധികാരികൾ കാലഘട്ടത്തിന്റെ ആവശ്യം : കെ. സി. വേണുഗോപാൽ

**വൈക്കം :** എല്ലാവർക്കും ആത്മീയതയുണ്ട്. വ്യക്തിബോധത്തിൽ ഉറങ്ങിക്കിടക്കുന്ന ആ ആത്മീയചേതനയെ ഉണർത്തിയെടുത്ത് സ്വയം നന്നാകാനും സമൂഹ നന്മയ്ക്കായി ഉപയോഗിക്കാനുമാണ് നവജ്യോതി ശ്രീകരുണാകരഗുരു നമ്മെ പഠിപ്പിച്ചതെന്ന് കെ. സി. വേണുഗോപാൽ എം. പി. പറഞ്ഞു.

നവഒലി ജ്യോതിർദിനാഘോഷങ്ങളുടെ ഭാഗമായുള്ള ഏരിയാസമ്മേളനത്തിന്റെയും ശാന്തിഗിരി ആശ്രമം വൈക്കം പ്രാർത്ഥനാ കേന്ദ്രത്തിന്റെ വാർഷികത്തിന്റെയും ഭാഗമായുള്ള സംയുക്ത സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്ന അദ്ദേഹം.

മനഃശുദ്ധിയുള്ള മനുഷ്യരിലൂടെ മനഃശുദ്ധിയുള്ള സമൂഹത്തിലൂടെ മനഃശുദ്ധിയുള്ള ഭരണാധികാരികളിലൂടെ ആത്മശാന്തിയുള്ള ലോകം ഗുരു വിഭാവനം ചെയ്തു. കലുഷിതമായ ഈ കാലത്ത് ഗുരുവിന്റെ സ്വപ്നമാണ് സാക്ഷാത്ക്കരിക്കേണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചടങ്ങിൽ ശാന്തിഗിരി ആശ്രമം ജനറൽസെക്രട്ടറി സ്വാമി ചൈതന്യജ്ഞാനതപസ്വി അദ്ധ്യക്ഷനായിരുന്നു.

ചടങ്ങിൽവച്ച് സംസ്ഥാനത്തെ ജൈവകൃഷിയുള്ള 2–ാമത്തെ നഗരസഭ എന്ന ബഹുമതി കരസ്ഥമാക്കിയ വൈക്കം നഗരസഭയ്ക്കുള്ള പുരസ്കാരം ചെയർമാൻ അനിൽബിശ്വാസും ഗായത്രിവീണാവാദ്യത്തിൽ ലോക റെക്കോർഡ് നേടിയ വൈക്കം വിജയലക്ഷ്മിയും സമ്മിശ്ര കർഷകനുള്ള സംസ്ഥാന അവാർഡ് നേടിയ ചാർലി എബ്രഹാമും സ്വാമി ചൈതന്യ ജ്ഞാന തപസ്വിയിൽ നിന്നും ശാന്തിഗിരിയുടെ ഉപഹാരങ്ങൾ ഏറ്റുവാങ്ങി. സ്വാമി ജ്യോതിചന്ദ്രൻ ജ്ഞാനതപസ്വി, ശരണ്യപ്രകാശ ജ്ഞാനതപസ്വി, സ്വാമി ചിത്തശുദ്ധൻ ജ്ഞാനതപസ്വി, സ്വാമി മധുരനാദൻ ജ്ഞാനതപസ്വി, സ്വാമി ജനസമ്മതൻ ജ്ഞാനതപസ്വി, ടി.പി.അനൂപ്, സാബു. പി മണലൊടി, വാർഡ്മെമ്പർമാരായ കെ.എസ്. സജീവ്, മായാഷിബു, ഡോ. മോഹൻപാമ്പാടി, വിജയൻമാച്ചേരി, ജോയി വി., സുരേഷ്കൃഷ്ണൻ, വി. നന്ദുലാൽ, റ്റി. ബി. സുലേഖ, എൻ. ധർമ്മജൻ, കുമാരി മംഗളാരാജ് തുടങ്ങിയവർ ആശംസകൾ അർപ്പിച്ചുസംസാരിച്ചു.

## പൊതുയോഗം ഇന്ന്

**റിസർച്ച് സോൺ :** ഗൃഹസ്ഥാശ്രമസംഘം പൊതുയോഗം ഇന്ന് രാവിലെ 7.30 ന് കമ്യൂണിറ്റി ഡൈനിംഗ് ഹാളിൽ നടക്കും. യോഗത്തിൽ ആർട്സ് ആന്റ് കൾച്ചർ ഡിപ്പാർട്ടുമെന്റ് ഹെഡ് സർവാദരണീയ ജനനി സുപഥ ജ്ഞാനതപസ്വിനി മുഖ്യ പ്രഭാഷണം നടത്തും.യോഗത്തിൽ ശാന്തിഗിരിഗൃഹസ്ഥാശ്രമ സംഘം ഇൻചാർജുമാരായ ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി ആദരണീയ ജനനി പ്രമീള ജ്ഞാനതപസ്വിനി, എനർജി ആന്റ് എൺവയോൺമെന്റ് ഡിപ്പാർട്ടുമെന്റ് ഇൻചാർജ്ആദരണീയ സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി, ഡോ. കെ. ആർ.എസ്. നായർ, എം.പി. പ്രമോദ്, ഗൃഹസ്ഥാശ്രമ സംഘം പ്രതിനിധികൾ സംസാരിക്കും.


ഗുരുചരണം ശരണം

**ശാന്തിഗിരി**

**വെജിറ്റബിൾ സ്റ്റാൾ & ഫുഡ് സർവ്വീസസ്**

**എല്ലാവിധ പച്ചക്കറികളും മിതമായ വിലയിൽ**

**വിവാഹം, ഗൃഹപ്രവേശം, ജന്മദിനം, മറ്റുപാർട്ടി ഓർഡറുകൾ എന്നിവ ഉത്തരവാദിത്തത്തിലും മിതമായ നിരക്കിലും കൃത്യസമയത്ത് എത്തിച്ചു നൽകുന്നു**

8111882153, 8113851007




Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala